# കുവൈറ്റ് മഹാഇടവകയുടെ 'കാൽ–കഴുകൽ' ശുശ്രൂഷകൾക്ക് ഡോ. മാർ അത്തനേഷ്യസ് മെത്രാപ്പോലിത്താ മുഖ്യകാർമ്മികത്വം വഹിച്ചു

കുവൈറ്റ് : തിരുവത്താഴത്തിനു മുന്നോടിയായി ഗുരുവും നാഥനുമായ ക്രിസ്തു, ശിഷ്യന്മാരുടെ കാൽ കഴുകി, തന്റെ താഴാഴ്മയും വിനയവും അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും, നിങ്ങളും തമ്മിൽ ഇതു ചെയ്‌വീൻ എന്നു ഉപദേശിക്കുകയും ചെയ്തതിന്റെ ഓർമ്മ പുതുക്കുന്ന കാൽ–കഴുകൽ ശുശ്രൂഷകൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്തനേഷ്യസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. കുവൈറ്റ് സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാഇടവകയുടെ ആഭിമുഖ്യത്തിൽ അബ്ബാസിയ സെൻറ്. ജോർജ്ജ് ചാപ്പലിൽ വ്യാഴാഴ്ച്ച വൈകിട്ട് 5 മണിമുതൽ നടന്ന ചടങ്ങുകൾക്ക് ഇടവക വികാരി ഫാ. ജോസ് മാത്യൂ, ഫാ. ജെഫിൻ വർഗ്ഗീസ് എന്നിവർ നേതൃത്വം നല്കി.

*******